**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 424 — 10.03.2015-ലെ മറുപടിയ്ക്ക്

## നന്മ , ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡിന്റെ കീഴിൽ ആരംഭിച്ച എത്ര നന്മ / ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | കൺസ്യൂമർഫെഡിന്റെ കീഴിൽ 239 ത്രിവേണി സ്റ്റോറുകളും ഫെഡറേഷൻ നേരിട്ട് നടത്തുന്ന 860 നന്മസ്റ്റോറുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇവയിൽ ഏറിയ പങ്കും വില്പനക്ക് വേണ്ടത്ര സാധനങ്ങളില്ലാതെ, കാര്യമായ വിറ്റുവരവില്ലാതായ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൺസ്യൂമർഫെഡിന് ലഭ്യമായ ഫണ്ടിന്റെ കുറവ് മൂലം ചില നന്മ/ത്രിവേണി സ്റ്റോറുകളിൽ വിറ്റുവരവിൽ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ജില്ലകളിൽ പ്രവർത്തനം നിർത്തിയ കൺസ്യൂമർ ഫെഡിന്റെ വില്പന കേന്ദ്രങ്ങളുടെയും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെയും വിവരം വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ജില്ലകളിലായി 11 ത്രിവേണി യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | നിർത്തലാക്കിയ ത്രിവേണി സ്റ്റോറുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 2 |
| പത്തനംതിട്ട | 1 |

| | |
|---|---|
| എറണാകുളം | 4 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 1 |
| ആകെ | 11 |

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ഒരു ജില്ലയിലും നിർത്തലാക്കിയിട്ടില്ല. എന്നാൽ ആകെ ആരംഭിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി യൂണിറ്റുകളിൽ 61 എണ്ണത്തിൽ പ്രവർത്തനം ടെസ്റ്റ് വർക്കിനുവേണ്ടിയും, അറ്റകുറ്റപ്പണികൾ ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, സ്റ്റോക്ക് പരിമിതികൾ മൂലമുള്ള വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ